# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2020 　　　　14/07/2011-ൽ മറുപടിക്ക്

## ട്രൈബൽ വിദ്യാർത്ഥികളുടെ അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**
ശ്രീ. ബി.ഡി. ദേവസ്സി:

**ഉത്തരം**
കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ചാലക്കുടി ഈസ്റ്റ് ഗവൺമെന്റ് എച്ച്.എസിലെ ട്രൈബൽ കുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) ചാലക്കുടി ഈസ്റ്റ് ഗവൺമെന്റ് എച്ച്.എസ്. കോമ്പൗണ്ടിൽ തന്നെ സ്കൂളിന്റെ അധീനതയിലുള്ള ഏകദേശം 50 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു; സ്ഥലം ലഭിച്ചതിനു ശേഷമേ മറ്റു നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) പെരിങ്ങൽക്കുത്ത് ഗവൺമെന്റ് എൽ.പി. സ്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന ഗുണനിലവാരവും ഹാജരും മെച്ചപ്പെടുത്താൻ സ്കൂളിനോടനുബന്ധിച്ച് താമസസൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) പെരിങ്ങൽക്കുത്ത് പട്ടികവർഗ്ഗ കോളനിയിലെ കുട്ടികളാണ് പെരിങ്ങൽക്കുത്ത് ഗവൺമെന്റ് എൽ.പി. സ്കൂളിൽ പഠിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ പ്രത്യേക ഹോസ്റ്റൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) ചാലക്കുടി, നായരങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന എം.ആർ.എസ്-ലെ കുട്ടികൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിന്, ആലുവ സെറ്റിൽമെന്റ് കോളനിയുടെ വക അഞ്ച് ഏക്കർ സ്ഥലം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് സ്ഥലം കൈമാറുമോ? | (സി) ചാലക്കുടി എം.ആർ.എസ്-ലെ കുട്ടികൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടു വരികയാണ്. |

സെക്ഷൻ ആഫീസർ